Draft #3 of File 156473/AD A5-1/2021/AD A 5 Approved by DEPUTY REGISTRAR II (ADMIN) on 03-Feb-2022 12:47 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

മഹാത്മാ ഗാന്ധി സർവ്വകലാശാല - കേരള ഡെവലപ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്ട്രാറ്റജി കൗൺസിലിന് (K-DISC) സർവ്വകലാശാല ലൈബ്രറിയിൽ സ്ഥാപന അംഗത്വം നൽകുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 5 സെക്ഷൻ**

നമ്പർ. 1129/AD A 5/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 03.02.2022

---

*പരാമർശം:*-1. കേരള ഡെവലപ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്ട്രാറ്റജി കൗൺസിലിന്റെ മെമ്പർ സെക്രട്ടറിയുടെ കത്ത് നം. 327/2021/K-DISC/2, തീയതി 08.11.2021.

2. സർവ്വകലാശാലാ ലൈബ്രേറിയന്റെ ഫയൽ നം. 181286/ Deputy Librarian I-C Librarian/2021/Unvty Lib. പ്രകാരമുള്ള കുറിപ്പ്

3. BIIC ഡയറക്ടറുടെ 10.01.2022 തീയതിയിലെ ഇമെയിൽ.

**<u>ഉത്തരവ്</u>**

കേരള സർക്കാറിന് കീഴിലെ ഉപദേശക സ്ഥാപനമായ കേരള ഡെവലപ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്ട്രാറ്റജി കൗൺസിലിന് (K-DISC), സർവ്വകലാശാലാ ലൈബ്രറിയുടെ റിമോട്ട് ആക്സസ്, ഇ-ജേണൽ, ഇ-ബുക്ക് എന്നീ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിന് സ്ഥാപന അംഗത്വം ലഭ്യമാക്കണമെന്ന് ടി സ്ഥാപനത്തിന്റെ മെംബർ സെക്രട്ടറി പരാമർശം (1) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

കെ-ഡിസ്കിന്, ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകളോടെ സർവ്വകലാശാല ലൈബ്രറിയിൽ സ്ഥാപന അംഗത്വം നൽകാവുന്നതാണെന്ന് പരാമർശം (2) പ്രകാരം സർവ്വകലാശാലാ ലൈബ്രേറിയൻ അഭിപ്രായപ്പെടുകയുണ്ടായി.

1. സ്ഥാപന അംഗത്വ കാലാവധി ഒരു വർഷമായിരിക്കും.
2. അംഗത്വ ഫീസായി 2000 രൂപ അടക്കണം.
3. 5000 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയായി അടക്കേണ്ടതാണ്. അംഗത്വ കാലാവധി കഴിയുമ്പോൾ ഡെപ്പോസിറ്റ് തുക തിരികെ നൽകുന്നതാണ്.
4. മഹാത്മാ ഗാന്ധി സർവകലാശാല ലൈബ്രറിയിലെ ഇ-റിസോഴ്സ് (e-journals, e-books etc.) വിദൂരമായി (Remote Access) ഉപയോഗിക്കാനുള്ള സൗകര്യം നൽകുന്നതാണ്. (സ്ഥാപനത്തിന് ഒരു യൂസർ ഐഡിയും പാസ്സ് വേർഡും മാത്രമേ നൽകുകയുള്ളു)
5. പത്ത്(10) പുസ്തകങ്ങൾ ഇരുപത് (20) ദിവസത്തേക്ക് എടുക്കാവുന്നതാണ്.
6. വിദൂര സംവിധാനം വഴി ലഭിക്കുന്ന വിവര ശേഖരങ്ങൾ പകർപ്പവകാശ ലംഘനത്തിന് ഇടയാകാത്ത വിധം ഉപയോഗിക്കേണ്ടതാണ്. (Cover to cover downloading പോലെയുള്ള നിയമാനുസൃതമല്ലാത്ത നടപടികൾ ഒഴിവാക്കേണ്ടതാണ്.)
7. ലൈബ്രറിയിൽ ലഭ്യമായ മറ്റു സോഫ്റ്റ് വെയർ സേവനങ്ങളും സ്ഥാപന അംഗങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.
8. ഒരു വർഷത്തിന് ശേഷം അംഗത്വം പുതുക്കാവുന്നതാണ്.

മേൽ ഉപാധികളോടെ കെ-ഡിസ്ക് -ന് സ്ഥാപന അംഗത്വം നൽകാവുന്നതാണെന്ന് കെ-ഡിസ്കിന്റെ സർവകലാശാലയിലെ പ്രവർത്തനങ്ങളുടെ ചുമതല വഹിക്കുന്ന BIIC ഡയറക്ടർ, പരാമർശം (3) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

ടി സാഹചര്യത്തിൽ, മേൽ പരാമർശിച്ചിരിക്കുന്ന ഉപാധികളോടെ സംസ്ഥാന സർക്കാർ ഉപദേശക സ്ഥാപനമായ കേരള ഡെവലപ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്ട്രാറ്റജി കൗൺസിലിന് (K-DISC) സർവകലാശാല ലൈബ്രറിയുടെ സ്ഥാപന അംഗത്വം അനുവദിച്ച് നൽകുവാൻ വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബിന്ദു എൻ ബി

ഡപ്യൂട്ടി രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ഡോ. പി.വി. ഉണ്ണികൃഷ്ണൻ, മെംബർ സെക്രട്ടറി, കെ-ഡിസ്ക്
2. ഡോ. രാധാകൃഷ്ണൻ ഇ.കെ, BIIC ഡയറക്ടർ
3. സർവ്വകലാശാലാ ലൈബ്രേറിയൻ (ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതിന്)
4. വി.സി./പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
5. രജിസ്ട്രാർ/ എഫ്.ഓ./സി.ഇ. എന്നിവരുടെ പി.എ.മാർ
6. എ. ആർ. II/ ഡി. ആർ. II/ ജെ. ആർ. I (ഭരണം)
7. ഐക്യൂഎസി / സർവ്വകലാശാലാ വെബ്സൈറ്റ്/ പിആർഒ
8. റെക്കോർഡ്സ്/ ഫയൽ കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 156473/AD A5-1/2021/AD A 5 Approved by DEPUTY REGISTRAR II (ADMIN) on 03-Feb-2022 12:47 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം